സിക്കിൾ സെൽ അനീമിയ രോഗനിവാരണത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി പദ്ധതികൾ

54(1848) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സിക്കിൾ സെൽ അനീമിയ രോഗനിവാരണത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഇതര ഏജൻസികൾ ഏതെല്ലാം ;

(സി) സിക്കിൾ സെൽ അനീമിയ രോഗനിവാരണത്തിനായി സംസ്ഥാന സർക്കാർ പുതുതായി ഏതെങ്കിലും പരിപാടികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ സിക്കിൾ സെൽ അനീമിയ രോഗം നിയന്ത്രണത്തിനായി "സിക്കിൾ സെൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വയനാട് ജില്ലാ കളക്ടറുടെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിലെ സർഗാറാം ഹോസ്പിറ്റലിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിക്കൽ ജനറ്റിക്സ്, ന്യൂഡൽഹിയിലെ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ജനറ്റിക് യൂണിറ്റിലെ പീഡിയാട്രിക് ഡിപ്പാർട്ട്മെന്റ്, മദ്രാസിലെ ഫെറ്റാൽ ഫൗണ്ടേഷൻ റിസർച്ച് സെന്റർ എന്നിവയുടെ സഹകരണത്തോടുകൂടി മാനന്തവാടി ജില്ലാ ആശുപത്രിയിലേയും മുട്ടിൽ വിവേകാനന്ദ മെഡിക്കൽ മിഷൻ ആശുപത്രിയിലേയും മെഡിക്കൽ ഓഫീസർമാർ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ 34.58 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകിയിരുന്നു. കൂടാതെ സിക്കിൾ സെൽ അനീമിയ നിയന്ത്രണത്തിന് ട്രൈബൽ വെൽഫയർ നടത്തുന്ന പരിപാടികളിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സേവനവും ലഭ്യമാക്കാറുണ്ട്.

(ബി) വയനാട് മുട്ടിൽ വിവേകാനന്ദ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ഇല്ല. എന്നാൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ആദിവാസിക്ഷേമ ആരോഗ്യ പരിപാടികൾ ശക്തിപ്പെടുത്താനും ബോധവൽക്കരണത്തിൽക്കൂടി രോഗബാധിതർ തമ്മിലുള്ള വിവാഹങ്ങൾ ഒഴിവാക്കി രോഗം തടയുവാനും ക്രമങ്ങൾ തുടരുന്നു. (ജനിതകം വഴി പകരുന്ന പാരമ്പര്യരോഗമാണ് ഇത്).

LIBRARY ARCHIVES Kerala Legislative Assembly